പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3449 18/02/2013- ൽ മറുപടിക്ക്

ഗോ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ. വി.ഡി സതീശൻ:<br>ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. വി.പി.സജീന്ദ്രൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഗോസുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം;വിശദമാക്കുമോ; | (എ) കേരളത്തിലെ ഉല്പാദനശേഷിയുള്ള മുഴുവൻ കന്നുകാലികൾക്കും കുറഞ്ഞ പ്രിമീയം നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക വഴി ഉരുവിന്റെ മരണം മൂലവും, പാലുല്പാദനത്തെ സാരമായി ബാധിക്കുന്ന അസുഖങ്ങൾ മൂലവും ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന നഷ്ടം ഒരു പരിധിവരെ നികത്തുകയും അത് വഴി പശു പരിപാലനം പ്രോത്സാഹിപ്പിക്കുകയുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടുകൂടി കന്നുകാലി വികസന ബോർഡ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, മിൽമ എന്നിവ സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ പാലക്കാട് ജില്ലയിൽ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും സംസ്ഥാനത്തിന്റെ മറ്റ് പതിമൂന്ന് ജില്ലയിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയും ഗോസുരക്ഷ പദ്ധതിയിലൂടെ കന്നുകാലി ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. |
| (സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത് ; വിശദമാക്കുമോ; | (സി) സംസ്ഥാനത്ത് മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടിയും, സംസ്ഥാനത്തിലെ മറ്റ് 11 ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടിയും ഗോസുരക്ഷ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. |

(ഡി) എന്തെല്ലാം സഹായങ്ങളാണ് മൃഗസംരക്ഷണത്തിനായി ഈ പദ്ധതിയനുസരിച്ച് നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) 1. പശുക്കളെയും എരുമകളെയും ഈ പദ്ധതിയിൽ ഇൻഷ്വർ ചെയ്യാവുന്നതാണ്.

2. പ്രീമിയം തുകയുടെ 50% മാത്രം കർഷകർ വഹിച്ചാൽ മതിയാകും ബാക്കി 50% സർക്കാർ വഹിക്കുന്നതാണ്.

3. ഇൻഷ്വർ ചെയ്യുന്നതിന് മൃഗ ഡോക്ടർ മാർക്ക് സേവനഫീസ് നൽകേണ്ടതില്ല. ടാഗ്ഗിംഗ് ഫീസും, പോസ്റ്റുമോർട്ടം ഫീസും സർക്കാർ വഹിക്കുന്നതാണ്.

4. പശുക്കൾ അസുഖം മൂലമോ പ്രകൃതിക്ഷോഭം മൂലമോ മരണപ്പെടുകയാണെങ്കിൽ ഇൻഷ്വർ ചെയ്ത തുക പൂർണ്ണമായി ലഭിക്കുന്നതാണ്.

5. മറ്റ് അസുഖങ്ങൾ മൂലം ഉൽപാദന ക്ഷമത നഷ്ടപ്പെട്ടാലും സ്ഥിരമായ സമ്പൂർണ്ണ അംഗവൈകല്യം സംഭവിക്കുക യാണെങ്കിലും കിടപ്പിലായാലും ഇൻഷ്വർ ചെയ്ത തുകയുടെ 75% ലഭ്യമാകും. ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത പ്രത്യുത്പാദനരോഗങ്ങൾ, വന്ധ്യത എന്നിവയാൽ ലാഭകരമായി പരിപാലിക്കുവാൻ കഴിയാത്ത രീതിയിൽ വരുന്ന ഉരുക്കൾക്ക് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കും.

6. അടയാളക്കമ്മൽ (ഇയർ ടാഗ്), പോസ്റ്റുമോർട്ടം റിപ്പോർട്ട്, മറ്റ് അനുബന്ധ രേഖകൾ എന്നിവ വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതം ഇൻഷുറൻസ് കമ്പനിയിൽ ലഭിച്ചാൽ 15 ദിവസത്തിനകം ഇൻഷുറൻസ് തുക കർഷകർക്ക് ലഭ്യമാകും

7. 50/- രൂപ ഇൻഷുറൻസ് കമ്പനിയിൽ അടച്ച് പശുവിനെ വിൽക്കുന്നതിനോടൊപ്പം പോളിസിയും കൈമാറ്റം ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ

ns